പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ *37

08/08/2017 ൽ
മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കുന്നതിന് കർമ്മ പരിപാടികൾ


ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ.കെ.സി.ജോസഫ്
ശ്രീ.അനൂപ് ജേക്കബ്

മറുപടി

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)


എ) പ്രൊഫഷണൽ മാനേജ്മെന്റിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം

എ) & ബി) & സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രൊഫഷണൽ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കുന്നതിന് ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുന:സംഘടനാ ബോർഡ് (റിയാബ്) മുഖേന എല്ലാ മാസവും പ്രത്യേക അവലോകനം ചെയ്തുവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ത്രൈമാസികമായി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നവീകരണ വിപുലീകരണ പദ്ധതികൾക്കായി സർക്കാരിൽ നിന്നുള്ള പദ്ധതി വിഹിതം

| | |
|---|---|
| നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | വർദ്ധിപ്പിക്കുകയുണ്ടായി. ഇതിനായി സ്ഥാപനങ്ങളിൽ നിന്നും സമർപ്പിക്കുന്ന സമഗ്രമായ പദ്ധതി റിപ്പോർട്ടുകൾ റിയാബ് മുഖേന വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം പ്രൊപ്പോസലുകൾ വർക്കിങ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തുവരുന്നു.<br><br>ഓരോ സ്ഥാപനങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മികവുറ്റ ഉൽപ്പാദന സംവിധാനങ്ങൾ, കാലാനുസൃതമായ സാങ്കേതികവിദ്യയുടെ നടപ്പാക്കൽ, വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികൾ, നൂതനമായ സാങ്കേതിക വിദ്യയിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിച്ച് നടപ്പിലാക്കി വരുന്നു<br><br>പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് പ്രൊഫഷണലുകളെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിന് റിയാബ് മുഖേന നടപടികൾ സ്വീകരിച്ചിരുന്നു. ഇതു പ്രകാരം 15 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ജീവനക്കാരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പരിശീലന പരിപാടികൾ / വിവിധ വിഷയങ്ങളിലുള്ള |

സെമിനാറുകൾ, ശിൽപ്പശാലകൾ മുതലായവ കമ്പനിതലത്തിലും റിയാബ് മുഖേനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ